**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3503**      **22.08.2017**- ൽ മറുപടിയ്ക്ക്

**<u>രക്തജന്യ രോഗങ്ങൾക്കായുള്ള പ്രത്യേക ചികിത്സാ പദ്ധതി</u>**

**<u>ചോദ്യം</u>**
**ശ്രീ.സി.കെ.ശശീന്ദ്രൻ**

**<u>മറുപടി</u>**
**കെ.കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| (എ) | രക്തജന്യ രോഗങ്ങൾക്കായുള്ള പ്രത്യേക ചികിത്സാപദ്ധതിയിൽ സിക്കിൾസെൽ അനീമിയ രോഗബാധിതരെ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; | (എ), (ബി) & (സി) | തല്ക്കാലം പരിഗണനയിലില്ല. എന്നാൽ ഭിന്ന ശേഷിയുള്ള വ്യക്തികളുടെ അവകാശങ്ങൾ-ക്കായുള്ള കേന്ദ്രഗവണ്മെന്റിന്റെ 2016-ലെ 49-ാം നമ്പർ ആക്ടിൽ (the Rights of Persons with Disabilities Act No.49 of 2016) സിക്കിൾ സെൽ അനീമിയ രോഗം ഒരു വൈകല്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>കേരളത്തിൽ പ്രത്യേകിച്ച് വയനാട് ജില്ലയിലെ അരിവാൾ രോഗബാധിത-രായവർക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന പ്രതിമാസം 1000/-രൂപ നിരക്കിൽ പെൻഷൻ നൽകിയിരുന്നു. ആയത് 1000-ൽ നിന്നും 2000 രൂപയായി വർദ്ധിപ്പിച്ച് നല്കി വരികയാണ്. നിലവിൽ 173 രോഗികൾക്ക് പെൻഷൻ നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് രൂപം കൊടുക്കുന്ന ഘട്ടത്തിൽ സിക്കിൾസെൽ അനീമിയ രോഗബാധിതർ കൂടുതലുള്ള വയനാട് ജില്ലയിൽ നിന്നുള്ള ജനപ്രതിനിധികളെയും ആരോഗ്യ പ്രവർത്തകരെയും പങ്കെടുപ്പിക്കുന്ന കാര്യം ആലോചിക്കുമോ; | | |
| (സി) | രക്തജന്യരോഗ ചികിത്സ പദ്ധതിയുടെ മേഖലാ ചികിത്സാ കേന്ദ്രം വയനാട് ജില്ലയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | | |

**സെക്ഷൻ ഓഫീസർ.**